ക്കറു കിട്ടാത്തതുകൊണ്ടാണെന്നാണു് മനസ്സിലാക്കുന്നതു്. അതായതു ഡിപ്പാർട്ടുമെൻറലായിട്ട യഥാർത്ഥത്തിൽ സ്ത്രീം നടത്താൻ സ്ഥലം ഇല്ല എന്നുള്ള സർട്ടിഫിക്കറു ഇൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറിൽനിന്നും കിട്ടണം. അങ്ങനെയുള്ള സർട്ടിഫിക്കറു എല്ലാ സ്ത്രീകൾക്കും ഇപ്പോൾ കിട്ടിക്കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഇനി വാടക കൊടുക്കുന്നതിനു യാതൊരു പ്രയാസവുമില്ല. അതുകൊണ്ടു് മലപ്പുറം ഡിസ്ട്രിക്റിനെ സംബന്ധിച്ചിടത്തോളം കർശനമായ നടപടി സ്വീകരിക്കുവാൻ ഭയമുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : മറു ഡിസ്ട്രിക്റുകളിൽ കൂടി ഈ കർശന നടപടി സ്വീകരിക്കുന്നതിൽ ബഹുമാനപ്പെട്ട മെമ്പർക്കു വിരോധം തോന്നുകയില്ല എന്നു വിശ്വസിക്കുന്നു.

പഞ്ചായത്തു തിരഞ്ഞെടുപ്പു്.

* 828. [21] ശ്രീ. കെ. ടി. തോമസ്സു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു തിരഞ്ഞെടുപ്പു സംബന്ധിച്ചു് എത്ര തിരഞ്ഞെടുപ്പു ഹർജികളാണു ഫയൽചെയ്തിട്ടുണ്ടു് ;

(ബി) ഇതിൽ ഏതെങ്കിലും പഞ്ചായത്തിനെ മൊത്തം ബാധിക്കുന്ന തരത്തിലുള്ള കേസു് എത്രയുണ്ടു് ; ഏതെല്ലാം പഞ്ചായത്തു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 29.

(ബി) 2. തൃശ്ശൂർ ഡിസ്ട്രിക്റിൽ ചേലക്കര പഞ്ചായത്തും എറണാകുളം ഡിസ്ട്രിക്റിൽ തൃപ്പൂണിത്തുറ പഞ്ചായത്തും.

പുറംപോക്കുഭൂമി.

* 829. [22] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴയ മലബാർ പ്രദേശത്തു് എത്ര എസ്റേറ്റുകളും സക്കാർ മാനേജ്മെൻറിൻകീഴിലുണ്ടു് ;

(ബി) കോഴിക്കോട്ടു ജില്ലയിലെ കുത്താളി എസ്റേറ്റു ഭൂമികളും അതായതു് കൈവശക്കാർക്കു് തന്നെ പതിച്ചു കൊടുക്കുന്നതിനു് എന്താണു് തടസ്സം ;

(സി) പതിച്ചുകൊടുക്കാൻ പറയുന്ന പുറംപോക്കു് ഭൂമികളും എല്ലാം പതിച്ചുകൊടുത്തു കഴിഞ്ഞോ ;

(ഡി) ഇല്ലെങ്കിൽ ഉടൻ വേണ്ടുന്ന നടപടികളും എടുക്കുമോ ?

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ) 3.

(ബി) കുറെ ഭൂമി പതിച്ചുകൊടുത്തുകഴിഞ്ഞു. ബാക്കി പതിച്ചുകൊടുക്കുന്ന പ്രശ്നം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണു്.

(സി, ഡി) പതിച്ചുകൊടുക്കത്തക്ക 14,419·05 ഏക്കർ [ഭൂമിയിൽ 71,79 ഏക്കർ 3,177 ആളുകൾക്കായി പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ച പുതിയ രൂളുകൾ പ്രാബല്യത്തിൽ വന്നുകഴിഞ്ഞാൽ ബാക്കി ഭൂമിയും അതനുസരിച്ചു പതിച്ചുകൊടുക്കുന്നതാണു്.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ ; ഇങ്ങനെ പതിച്ചു കൊടുത്തിട്ടുള്ള ഭൂമിയിൽ കുടിയാൻമാർ ഉണ്ടെങ്കിൽ അവർക്കു ഇതിൻെറ ജന്മാവകാശം കൊടുക്കാൻ എന്താണു് തടസ്സം ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. തൊമ്മൻ : തടസ്സമെന്താണെന്ന നോക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ് : എന്തെല്ലാം നിബന്ധനകൾ അനുസരിച്ചാണ് ഈ ഭൂമി പതിച്ചുകൊടുക്കുന്നതെന്ന പറയാമോ ?

ശ്രീ. ടി. എ. തൊമ്മൻ : പ്രത്യേക ചോദ്യമായി ചോദിക്കാതെ വിശദമായി പറയുവാൻ നിവൃത്തിയില്ല.

ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ നടത്തുന്ന സ്കൂളുകൾ

* 830. [23] ശ്രീ. പി. എസ്സ്. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ നടത്തുന്ന എത്ര സ്കൂളുകൾ ഇപ്പോൾ സ്റ്റേറ്റിലുണ്ട്;

(ബി) ഒരു താലൂക്കിൽ എത്ര സ്കൂളുകളിൽ എന്ന നിബന്ധന വല്ലതുമുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര സ്കൂളുകളിൽ;

(ഡി) പൈക്കം ഗവണ്മെന്റ് ഹൈസ്കൂളിൽ (ബോയിസ്) ഇംഗ്ലീഷ് മീഡിയം ക്ലാസ് ആരംഭിക്കണമെന്ന ആവശ്യം അടുത്ത അദ്ധ്യയന വർഷം മുതലെങ്കിലും അനുവദിക്കാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 113 സ്കൂളുകൾ

(ബി) ഉണ്ട്.

(സി) ഒരു താലൂക്കിൽ നാല് സ്കൂളുകൾ.

(ഡി) ഈ കാര്യം ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണപിള്ള: ഇംഗ്ലീഷ് മീഡിയം സ്കൂൾ അനുവദിക്കുന്നതിൽ ഗവണ്മെന്റിന്റെ നയം എന്താണ്; സ്റ്റാൻഡേർഡ് താണുപോയതു പരിഹരിക്കുവാൻ വേണ്ടിയാണോ; എങ്കിൽ ഈ അദ്ധ്യയനവർഷം മുതൽ ഏതെല്ലാം പ്രദേശങ്ങളിൽ ഇതു നടത്തണമെന്നാണ് വിചാരിക്കുന്നതു; വ്യക്തമായ ഒരു നയം ഗവണ്മെന്റിനുണ്ടോ?

ശ്രീ. ആർ. ശങ്കർ: ഗവണ്മെന്റിനു ഇപ്പോഴുള്ള നയം വ്യക്തമായതാണ്. ഇൻഡ്യാ ഗവണ്മെന്റിന്റെ ആഫീസും മറ്റും ഉള്ള സ്ഥലങ്ങളിൽ മറ്റുസംസ്ഥാനങ്ങളിലെ ആളുകൾ ഉദ്യോഗസ്ഥന്മാരായി പ്രവർത്തിക്കുന്നുണ്ട്. അവരുടെ കുട്ടികൾക്ക് ഇവിടത്തെ ഭാഷയിൽ അദ്ധ്യയനം നടത്തുവാൻ പ്രയാസംനേരിടും. അതുകൊണ്ട് പ്രധാനപ്പെട്ട പട്ടണങ്ങളിലെല്ലാം ഈമാതിരി ആഫീസുകൾ ഉണ്ടെങ്കിൽ അവിടെയും അതുപോലെതന്നെ വിദേശത്തുനിന്നും കച്ചവടക്കാർ ഇവിടെ വന്നു കച്ചവടം നടത്തുകയാണെങ്കിൽ അവരുടെ കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യാർത്ഥവുമാണ് ഇത്തരം സ്കൂളുകൾ വേണമെന്നു നിശ്ചയിച്ചിട്ടുള്ളതു. അതുപോലെതന്നെ ചില രാജ്യകാര്യങ്ങൾ പൊതുവിൽ ഈമാതിരി അദ്ധ്യയനം, അവരുടെ കുട്ടികൾക്ക് നൽകണമെന്ന താൽപ്പര്യം കാണിക്കുന്നുണ്ട്. ഇതെല്ലാം കരുതിയാണ് ഒരു താലൂക്കിൽ നാല് സ്കൂൾ എന്ന കണക്കിനു ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിക്കുന്നതിനു തീരുമാനിച്ചിട്ടുള്ളതു. എന്നാൽ എല്ലാ സ്കൂളും ഇംഗ്ലീഷ് മീഡിയം ആക്കേണ്ട ആവശ്യമില്ലല്ലോ എന്ന കരുതി ഒരു പരിധി വച്ചു എന്നുമാത്രമേയുള്ളു.

ശ്രീ. എം. എം. മത്തായി: ഈ സ്കൂളുകളിൽ പഠിപ്പിക്കുന്നതിനു വിദഗ്ദ്ധന്മാരായ അദ്ധ്യാപകന്മാരെ വച്ചിട്ടുണ്ടോ; പല ഇംഗ്ലീഷ് മീഡിയം സ്കൂളിലും വിദഗ്ദ്ധന്മാരായ അദ്ധ്യാപകരെ വച്ചിട്ടില്ല എന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly